**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2502** **12-12-2022 - ൽ മറുപടിയ്ക്ക്**

**ഇനി ഞാനൊഴുകട്ടെ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന ഇനി ഞാനൊഴുകട്ടെ എന്ന പദ്ധതിയിലൂടെ എത്ര കി.മീ. നീർച്ചാലുകൾ വീണ്ടെടുക്കാൻ കഴിഞ്ഞു എന്ന് അറിയിക്കാമോ; | (എ) | ഇനി ഞാനൊഴുകട്ടെ പദ്ധതിയിലൂടെ 1865.94കി.മീ. നീർച്ചാലുകൾ വീണ്ടെടുത്തിട്ടുണ്ട്. |
| (ബി) | ഏറ്റവും കൂടുതൽ നീർച്ചാലുകൾ മാലിന്യമുക്തമാക്കിയത് ഏത് ജില്ലയിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | തിരുവനന്തപുരം ജില്ല -748.56 കി.മി. |
| (സി) | പ്രസ്തുത പദ്ധതിമൂലം കാർഷിക രംഗത്തും പരിസ്ഥിതിയിലും ഉണ്ടായ ഗുണപരമായ മാറ്റങ്ങൾ വിശദമാക്കാമോ? | (സി) | ഒഴുക്ക് നിലച്ച നീർച്ചാലുകൾ മലിനീകരണത്തിന് കാരണമാകുന്നതോടൊപ്പം കൃഷിക്ക് വെള്ളം ലഭിക്കുന്നതിന് തടസ്സമാകുകയും ജലനിർഗ്ഗമനം തടസ്സപ്പെടുത്തുകയും ചെയ്യുന്നു. നീർച്ചാൽ പുനരുജ്ജീവനം പൂർത്തീകരിച്ച പ്രദേശങ്ങളിൽ ജലഗുണനിലവാരം മെച്ചപ്പെട്ടിട്ടുണ്ട്. കൂടാതെ വെള്ളക്കെട്ട് ഒഴിവായി ജലനിർഗ്ഗമനം സുഗമമായതോടെ കൂടുതൽ പ്രദേശത്ത് കൃഷി സാധ്യമായിട്ടുണ്ട്. കൂടുതലും കിണറുകളെ ആശ്രയിക്കുന്ന കേരളത്തിൽ, ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് , നീർച്ചാലുകളും ജലാശയങ്ങളും മാലിന്യമുക്തമാക്കി ഒഴുക്ക് സുഗമമാക്കിയതിലൂടെ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ